## തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) ) നടപടിക്രമം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ സ്ഥലം മാറ്റം അനുവദിച്ചത് ഭേദഗതി വരുത്തി ഉത്തരവാകുന്നു

പരാമർശം:-ഈ ഓഫീസിൽ നിന്നും 5/8/2024 തീയതിയിൽ പുറപ്പെടുവിച്ച ഇതേ ാമ്പർ ഉത്തരവ്

### ഉത്തരവ് നം. ആ.വ.ഡ./6649/2022-ഇ.ഇ5 തീയതി 09-08-2024

സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലെ ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിച്ച മേൽ പരാമർശ പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ വന്ന ഭേദഗതികൾ ചുവടെ ചേർക്കുന്നു.

സ്ഥലം മാറ്റ ഉത്തരവിൽ സീരിയൽ നം. 45 ആയി താലൂക്ക് ആശുപത്രി കാഞ്ഞിരപ്പള്ളിയിലേക്കു സ്ഥലംമാറ്റം നൽകിയതു, താലൂക്ക് ആശുപത്രി പാമ്പാടിയിലെ ശ്രീമതി ഷീന കെ എസ് എന്ന ജീവനക്കാരിയെയാണ്. എന്നാൽ സ്ഥലം മാറ്റ ഉത്തരവിൽ ടിയാന് അനുവദിച്ച കാഞ്ഞിരപ്പള്ളി ആശുപത്രിയുടെ പേര് മാത്രമേ വന്നിട്ടുള്ളൂ. ആയതിനാൽ പാമ്പാടി ആശുപത്രിയിലെ ശ്രീമതി ഷീന കെ എസ് നു താലൂക്ക് ആശുപത്രി കാഞ്ഞിരപ്പള്ളിയിലേക്കു സ്ഥലം മാറ്റം അനുവദിച്ച പരാമർശ ഉത്തരവിൽ Sl No 45 ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

ശ്രീമതി ജെസ്സി ജേക്കബിന് എറണാകുളം കുനമ്മാവ് താലൂക്ക് ആശുപത്രിയിലേക്ക് Sl No 89 പ്രകാരം സ്ഥലം മാറ്റം നല്കിയിട്ടുള്ളതിനാൽ നെടുങ്കണ്ടം ആശുപത്രിയിലേക്ക് നൽകിയ സ്ഥലം മാറ്റം (Sl No 106) റദ്ദ് ചെയ്തു ഉത്തരവാകുന്നു.

പള്ളുരുത്തിയിൽ നിന്നും ജനറൽ ആശുപത്രി എറണാകുളത്തേക്കു സ്ഥലം മാറ്റം നൽകിയ ശ്രീമതി സീമ കുര്യന് (Sl NO 71 ) ഇതിനകം തന്നെ എറണാകുളം ജനറൽ ആശുപത്രിയിലേക്ക് സ്ഥലം മാറ്റം ലഭിച്ചിട്ടുള്ളതിനാൽ ശ്രീമതി സീമ കുര്യന്റെ പേര് മേൽ പരാമർശ ഉത്തരവിൽ നിന്നും നീക്കം ചെയ്തും ജനറൽ ആശുപത്രിയിലേക്ക് സ്ഥലം മാറ്റത്തിനു അപേക്ഷിച്ച പള്ളുരുത്തിയിൽ തന്നെയുള്ള ശ്രീമതി പ്രിയ കെ എസ് നു എറണാകുളം ജനറൽ ആശുപത്രിയിലേക്ക് ടിയാന്റെ അപേക്ഷ പ്രകാരം സ്ഥലം മാറ്റം അനുവദിച്ചും ഉത്തരവാകുന്നു.

Sl No 136 ആയി ഉൾപ്പെട്ട ശ്രീമതി ഷൈനി വർഗീസിന്റെ നിലവിലെ സ്ഥാപനം പാലക്കാട് കോട്ടത്തറ ആശുപത്രിക്കു പകരം സി എച്ച് സി അഗളി എന്ന് തിരുത്തി ഉത്തരവാകുന്നു .പരാമർശ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ പ്രവേശന നടപടികൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
Nandakumar.k.v
Date: 09-08-2024 18:23:23

**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ &**

**ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) )**

സ്വീകർത്താവ്:

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:

1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ/സ്ഥാപന മേധാവികൾ